പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4117

16-03-2017 ൽ മറുപടിയ്ക്ക്

## ജലസമൃദ്ധി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ്ജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരളത്തിൽ ജലസമൃദ്ധി പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിവരിക്കുമോ; | (എ) | ഹരിതകേരള മിഷനിൽ ഉൾപ്പെട്ട ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾക്കായി രൂപം കൊടുത്ത ജലസമൃദ്ധി പദ്ധതിയുടെ ലക്ഷ്യവും പരിപാടികളും ജീവനക്കാരിലും ജനപ്രതിനിധികളിലും എത്തിക്കുന്നതിനായി പരിശീലനം നൽകുന്നതിനുള്ള കൈപ്പുസ്തകം തയ്യാറായി വരുന്നു. ആദ്യഘട്ട പരിശീലന പരിപാടികൾ ഏപ്രിൽ ആദ്യവാരം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും അവിടത്തെ ജല സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് തോടുകളിലും നദികളിലും മറ്റും വിവിധ തരം തടയണകളും ചെറിയ ചെക്ക് ഡാമുകളും നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | ജലസമൃദ്ധി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സാങ്കേതിക വിദഗ്ധർ, യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നീർത്തടാധിഷ്ഠിത പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ പ്രദേശങ്ങളിൽ നദികളിലും തോടുകളിലും വിവിധ തരം തടയണകളും ചെക്ക് ഡാമുകളും നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | ജലസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥല പരിശോധന നടത്തി ആവശ്യകതയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.<br>വരൾച്ചാ കാലത്ത് സ്രോതസ്സിലെ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി കേരള ജല അതോറിറ്റി താത്ക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്താറുണ്ട്.<br>ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണകളുൾപ്പെടെ വിവിധ തരം ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ബാച്ച് 1, 2 പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടി ജലലഭ്യത ഉറപ്പാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**